LIBRARY ARCHIVES Kerala Legislative Assembly

കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ

78 (1804) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-21) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം ബഡ്ജറ്റ് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തി പൂർത്തിയായെന്നും പൂർത്തിയാകാത്ത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി ലഭ്യമായ ബഡ്ജറ്റ് പ്രവൃത്തികളിൽ ഏതെങ്കിലും പ്രവൃത്തി ഇനിയും ആരംഭിക്കാൻ കഴിയാത്തതുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ;

&

(ഇ) ഭരണാനുമതി ലഭ്യമായിട്ടും ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

വിധവാ പെൻഷൻ

79 (1807) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹമോചിതരും പുനർവിവാഹം കഴിക്കാത്തവരുമായ സ്ത്രീകൾക്ക് വിധവ പെൻഷൻ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

ഉണ്ട്. വിധവാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹ മോചനത്തിനായി കേസ് നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രദേശിക സർക്കാരുകൾ തുടർന്നുവന്നിരുന്നു. അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

LIBRARY ARCHIVES Kerala Legislative Assembly

കൈപ്പറ്റുന്നത് തടയുന്നത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമായതിനാലും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളുയെന്ന് ഉറപ്പാക്കുന്നതിലേയ്ക്കും വിധവാ പെൻഷൻ അനുവദിക്കുന്നതിൽ വ്യക്തത വരുത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവർക്കുമാത്രമേ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുള്ളൂ. അപ്രകാരം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/7 വർഷത്തിലധികമായി ഭർത്താവിനെ കാണ്മാനില്ലായെന്ന് റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളുവെന്നും നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകാത്തതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും ഭർത്താവിൽ നിന്നും അകന്നുകഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിനായി 25-04-2019-ലെ സർക്കുലർ നമ്പർ 35/2019/ധന, 11-12-2019-ലെ സർക്കുലർ നമ്പർ 97/2019/ധന, 23-9-2020-ലെ സ.ഉ.(എം.എസ്.)നമ്പർ 97/2020/ധന. എന്നിവ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ

80 (1808) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികൾക്ക് സാമൂഹ്യ പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടോ;

&

(ബി) ക്ഷേമനിധി പെൻഷൻ നിഷേധിക്കുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.